ബസ് സർവ്വീസ് അനുവദിച്ചുകിട്ടുന്നതിന് നിവേദനം

1107 [1756] ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറനിങ്ങൽ - കല്ലമ്പലം വഴി കടയ്ക്കൽ വരെയും പുന ലൂർനിന്ന് കല്ലമ്പലം വഴി വർക്കലയ്ക്കും ബസ് സർവ്വീസ് അനുവദിച്ചു കിട്ടുന്നതിനുവേണ്ടി ഗവൺമെൻറിന് നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തു എന്ന് പറയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹന ലഭ്യതക്കുറവുമൂലം ഈ ആവശ്യം ഇപ്പോഴും പരിഗണിക്കുവാൻ നിർവ്വാഹമില്ല. കൂടാതെ പൂർണ്ണ ദേശസാൽകൃത റൂട്ടുകളിലെ വാഹനലഭ്യത പരിഹരിക്കുക എന്നതാണ് കോർപ്പറേഷന്റെ ഇപ്പോഴത്തെ നയം. നിർദ്ദേശിക്കപ്പെട്ട റൂട്ടു പൂർണ്ണ ദേശസാൽകൃതമല്ല. ദേശസാൽകരിക്കാത്ത റൂട്ടുകളിൽ പുതിയ സർവ്വീസുകളും ആരംഭിക്കുന്നതിനുള്ള വിഭവശേഷി ഇപ്പോഴും കോർപ്പറേഷനില്ല.

പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് പ്രയോജനം ലഭിക്കാവുന്ന റോഡുകളുടെപണി

1108 [1759] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പട്ടികജാതി—പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകമായി പ്രയോജനം ലഭിക്കാവുന്ന എത്ര റോഡുകളുടെ പണി ഈ സാമ്പത്തിക വർഷത്തിൽ ആരംഭിച്ചിട്ടുണ്ടെന്ന് പറയുമോ;

(ബി) ഇതിനാകെ കൂടി എത്ര സംഖ്യയാണ് വക കൊള്ളിച്ചിട്ടുള്ളത്;

(സി) ഇതിൽ എത്ര സംഖ്യ ഇതിനകം ചെലവായി;

(ഡി) എത്ര റോഡുകളുടെ പണി ഈ സാമ്പത്തിക വർഷത്തിൽ പൂർത്തിയാകുമെന്ന് പറയുമോ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകമായി പ്രയോജനം ലഭിക്കാവുന്ന നാലു റോഡുകളുടെ പണി ഈ സാമ്പത്തിക വർഷത്തിൽ പാലക്കാട്ടു ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) 52, 300 രൂപ ഇതിലേക്കായി വക കൊള്ളിച്ചിട്ടുണ്ട്.

(സി) ഈ നാലു റോഡുപണികൾക്കും കൂടി ഫെബ്രുവരി മാസം വരെ 30,305 രൂപ ചെലവായിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ നാലു റോഡുപണികളിൽ മൂന്നെണ്ണം ഇതിനകം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന ഒരു റോഡിന്റെ പണി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly